## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4706

26.06.2019 - ൽ
മറുപടിയ്ക്ക്

### കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ആവശ്യമായ നെൽവിത്ത്

**ചോദ്യം**
**ശ്രീ. തോമസ് ചാണ്ടി**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) കുട്ടനാട്ടിലെ മുഴുവൻ പാടശേഖരങ്ങളിലേക്കും ആവശ്യമായ നെൽ വിത്ത് തദ്ദേശീയമായി ഉത്പാദിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | എ) കുട്ടനാട്ടിൽ പ്രധാനമായും രണ്ടാംകൃഷി, പുഞ്ചകൃഷി എന്നിങ്ങനെ രണ്ടു സീസണുകളിലായാണ് നെൽകൃഷി ചെയ്യുന്നത്. കുട്ടനാട്ടിലെ നെൽകൃഷിക്കാവശ്യമായ നെൽ വിത്ത് പ്രധാനമായും കേരള സംസ്ഥാന വിത്തു വികസന അതോറിറ്റിയാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്ന നെൽവിത്ത്, കൃഷി വകുപ്പിന്റെ വിത്ത് പരിശോധന ലാബുകളിൽ ഗുണമേന്മ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ നൽകുന്ന സീഡ് സർട്ടിഫിക്കറ്റോടുകൂടി കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി സംഭരിച്ച് കുട്ടനാട്ടിലെ കർഷകർക്ക് വിതരണം ചെയ്യുന്നു.<br><br>കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നില്ല. എങ്കിലും ആലപ്പുഴ ജില്ലയിലെ കൃഷി ഭവനുകൾ, ജില്ല കൃഷി ഓഫീസ് മുഖേന നെൽവിത്തിനായുള്ള ഇൻഡന്റ് നൽകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പ്രകാരം പാലക്കാട്, തൃശ്ശൂർ, മലപ്പുറം, എറണാകുളം ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന നെൽവിത്തും സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന നെൽവിത്തും ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്തു വരുന്നു. ഇവയ്ക്കു പുറമെ കുട്ടനാട്ടിലെ കർഷകർ സ്വന്തമായി ഉല്പാദിപ്പിക്കുന്ന നെൽവിത്തും കർഷകർ തമ്മിലുള്ള കൈമാറ്റം വഴിയുള്ള വിത്തും കൃഷിയ്ക്കായി ആലപ്പുഴ ജില്ലയിൽ ഉപയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ